# VIDYADHIRAJA VIDYAPEETOM CENTRAL SCHOOL

PONNARAMTHOTTAM,MAVELIKARA,ALAPPUZHA,KERALA,PIN- 690101, PHONE -6282900170
(C.B.S.E Aff.NO.930373)
AFFILIATED TO BHARATHEEYA VIDYANIKETHAN, KERALA
RUN BY VIDYADHIRAJA EDUCATIONAL & CHARITABLE TRUST. Reg .No IV/82/91,MAVELIKARA
www.vidyadhirajamvk.org, email: vrvpmvk@yahoo.in

## വിദ്യാധിരാജ അന്നപൂർണ്ണ പദ്ധതി

പ്രിയപ്പെട്ട മാതാപിതാക്കളെ,

**' അന്നദാനം മഹാദാനം '**

വിശക്കുന്ന വയറിന് ഒരു പിടി അന്നം നൽകുന്നതിന്റെ പുണ്യം എത്രയോ മഹത്തരമാണ് .നമ്മുടെ പിഞ്ചുകുത്തുങ്ങളുടെ കൈകൾ കൊണ്ട് ഈ മഹാദാനം നടത്തുവാൻ വിദ്യാധിരാജ വിദ്യാപീഠം ഒരു അവസരം ഒരുക്കുകയാണ് – **"വിദ്യാധിരാജ അന്നപൂർണ്ണ പദ്ധതി"**

മിഥുന മാസം ഒന്നാം തീയതി (ജൂൺ 15)മുതൽ എല്ലാ അമ്മമാരും രാവിലെ അരി അടുപ്പത്ത് ഇടുമ്പോൾ എല്ലാ ദിവസവും നമ്മുടെ മക്കളുടെ കൈകൊണ്ട് ഒരു പിടി അരി ഒരു പാത്രത്തിൽ ഇട്ട് വെയ്ക്കുക. ഒരു മാസം ആകുമ്പോൾ ഇത് ക്ലാസ്സ് ചേച്ചിമാരെ ഏൽപ്പിക്കുക. സ്കൂളിൽ ഇത് ശേഖരിച്ച് അനാഥരായ കുഞ്ഞുങ്ങൾക്കും,മക്കൾ ഉപേക്ഷിച്ച വൃദ്ധരായ മാതാപിതാക്കൾക്കും,രോഗികൾക്കും നൽകുന്നതാണ്.
നമുക്ക് ഒറ്റയ്ക്ക് ചെയ്യാവുന്നതിലുമധികം കൂട്ടായ ഈ മഹായജ്ഞത്തിലൂടെ സാധിക്കും ആയിര കണക്കിന് നിരാലംബർക്ക് ഒരുപിടി അന്നം നൽകി നമ്മുടെ കുഞ്ഞുങ്ങളെ ദാനശീലരാക്കി വളർത്താം. അവരുടെ പ്രാർത്ഥനയാൽ നമ്മുടെ കുഞ്ഞുങ്ങളിൽ ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ. അന്നപൂർണ്ണേശ്വരിയായ മഹാലക്ഷ്മിയുടെ അനുഗ്രഹം ഉണ്ടാകട്ടെ . എല്ലാ മാതാപിതാക്കളുടെയും പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചു കൊണ്ട്

**സസ്നേഹം**

**പ്രിൻസിപ്പാൾ**

**NB : ഒരു വീട്ടിൽ നിന്ന് ഒന്നിലധികം കുട്ടികൾ ഉണ്ടെങ്കിൽ എല്ലാവരുടെയും കൂടിചേർത്ത് ഒരു ദിവസം ഒരു പിടി അരി വീതം ആയാലും മതി.**